പൂട്ടിക്കിടക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങൾ

12 (2068)ശ്രീമതി രാധാ രാഘവൻ :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം വൻകിട വ്യവസായങ്ങൾ പൂട്ടി എന്ന് അറിയിക്കുമോ?

ഉത്തരം

കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ വരുന്ന ഈ സർക്കാരിന്റെ കാലത്ത് പൂട്ടിയ വൻകിട വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.

1. റ്റീ ടെക്സ് പ്രോസസിംഗ് കോംപ്ലക്സ് ലിമിറ്റഡ്, പാലക്കാട്.
2. ഗുജറാത്ത് ഇൻജെക്ട് കേരള ലിമിറ്റഡ്, പാലക്കാട്.
3. ട്രെൻഡ് ഡിസൈൻസ് ലിമിറ്റഡ്, എറണാകുളം.

ഇവയിൽ റ്റീ ടെക്സ് പ്രോസസിംഗ് കോംപ്ലക്സ് ലിമിറ്റഡും, ഗുജറാത്ത് ഇൻജെക്ട് കേരള ലിമിറ്റഡും തുറന്നിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് ഈ സർക്കാരിന്റെ കാലത്ത് ലേ ഓഫിൽ ആയി.

പരമ്പരാഗത വ്യവസായങ്ങൾ

13 (2069)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ. ബാബു:

ശ്രീ. പി.ജെ. ജോയി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണ്;

(ബി) ഇന്ന് ഇത്തരം വ്യവസായങ്ങളിൽ എത്രപേർ പണിയെടുക്കുന്നുണ്ട്;

(സി) പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) കയർ, കൈത്തറി, കശുവണ്ടി, പനമ്പ്, ഈറ്റ, കരകൗശലം, മൾബറി, ബീഡി, ഓട്, പന എന്നിവ പരമ്പരാഗത വ്യവസായങ്ങളിൽ ഉൾപ്പെടുന്നു.

(ബി) കയർമേഖലയിൽ ഉദ്ദേശം 3.83 ലക്ഷം പേരും കശുവണ്ടി മേഖലയിൽ രണ്ടു ലക്ഷത്തോളം പേരും ഈറ്റ പനമ്പു വ്യവസായത്തിൽ ഏകദേശം ഒരു ലക്ഷത്തോളവും കരകൗശല മേഖലയിൽ 1,50,000 പേരും, മൾബറി മേഖലയിൽ ഉദ്ദേശം 15,000 പേരും, ബീഡി വ്യവസായത്തിൽ ഏകദേശം 100000 പേരും പണിയെടുക്കുന്നതായാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly